പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 503 — 21.10.2011-ലെ മറുപടിയ്ക്ക്

## ആയുർവേദ ഉൽപ്പന്ന വ്യവസായങ്ങളുടെ വളർച്ചയ്ക്കായി നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എൻ. ജയരാജ്<br>ശ്രീ. സി. എഫ്. തോമസ് | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആയുർവേദ ഉൽപ്പന്ന വ്യവസായങ്ങളുടെ വളർച്ചയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>(ബി) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ആയുർവേദ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-വിതരണ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശമുണ്ടോ; | (എ) യും ബി) യും. കിൻഫ്രയും ആയുർവേദ മരുന്ന് നിർമ്മാതാക്കളുടെ കൺസോർഷ്യവും ചേർന്ന് ആയുർവേദ മേഖലയുടെ ഗുണനിലവാരവും മൂല്യ വർദ്ധനയും ലക്ഷ്യമാക്കി 'കെയർ കേരളം' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഒരു അനലിറ്റിക്കൽ ലാബ്, പ്രോസസ് വാലിഡേഷൻ ലാബ്, ടോക്സിക്കോളജി ലാബ്, ആയുർവേദ മരുന്നുകളുടെ ഉൽപ്പാദനത്തിന് വേണ്ട അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനും മറ്റുമുള്ള ഗോഡൗൺ സൗകര്യം എന്നിവ പ്രസ്തുത പദ്ധതി പ്രകാരം ഒരുക്കിയിട്ടുണ്ട്.<br>കൊരട്ടിയിലെ കിൻഫ്ര പാർക്കിലാണ് കെയർ കേരളം പദ്ധതി നടപ്പിലാക്കുന്നത്. |
| സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി)പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ഡി) ഇത്തരം പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | ഡി) കെയർ കേരളം പദ്ധതി 55 ആയുർവേദ മരുന്ന് സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ